# Weekly Devotion - June 2016

**Week -4**

## El-Olam -(Eternal God)

(നിത്യനായ ദൈവം)- ഉല്പ:(21:33)




ആത്മീക ഔന്നിത്യത്തിലേക്ക് എത്തേണ്ട മനുഷ്യൻ നിത്യനായ ദൈവവുമായുള്ള ബന്ധത്തിലായിരിക്കണം. ദൈവം നിത്യനാണ് എന്നതിന്റെ തെളിവാണ് വചനാരംഭത്തിൽ തന്നെ "ആദിയിൽ ദൈവം" എന്ന് പറഞ്ഞിരിക്കുന്നത് . ഉല്പത്തി(1:1) "നീ അനാദിയായും ശാശ്വതമായും ദൈവമാകുന്നു" എന്ന് സങ്കീ:(90:2)ൽ കാണുന്നു. "ഞാൻ അല്ഫയും ഓമേഗയും" എന്ന് വെളി:(1:8)ലും , ഞാൻ അല്ഫയും ഓമേഗയും ആദിയും അന്തവും ഒന്നാമനും ഒടുക്കത്തവനും എന്ന് വെളി:(22:13)ലും കാണുന്നു.

മനുഷ്യർക്ക് മനുഷ്യസ്വഭാവത്തിൽ ഒതുങ്ങുവാനും, മനുഷ്യസ്വഭാവത്തിൽ നിന്ന് താണ മൃഗസ്വഭാവത്തിലെത്തുവാനും ഒട്ടും പ്രയാസമില്ല. മനുഷ്യസ്വഭാവത്തെ മിനുക്കി ദൈവസ്വഭാവമാക്കുവാൻ മനുഷ്യർ ശ്രമിച്ചാൽ അതിന് പരിധിയുണ്ട്.ക്രിസ്തുവിന്റെ ഭാവം നമ്മിലുളവാകണമെ

ങ്കിൽ നാം ആ സ്വഭാവത്തെ ഉൾക്കൊള്ളണം. ഒരിക്കൽ ഒരുക്രൈസ്തവൻ പറയുകയുണ്ടായി വ്യക്തിപരമായി ആശ്വസിപ്പിക്കുന്ന ക്രിസ്ത്യാനികളുടെ ദൈവത്തെ കണ്ണാടിക്കൂട്ടിലാക്കി ആരാധിക്കുന്ന സ്വാർത്ഥമോഹികളാണ് അവർ. നിത്യനായ ദൈവത്തിന്റെ സ്വഭാവം നാം ഉൾക്കൊണ്ടില്ല എങ്കിൽ ക്രിസ്തുവിന്റെ നല്ല സാക്ഷികളായിരിപ്പാൻ സാധിക്കുകയില്ല.

'നിത്യനായവൻ' എന്നത് ദൈവത്തിനു മാത്രം യോജിച്ച പദമാണ്. എന്തുകൊണ്ട് ? യഹോവ കരുണയും കരുതലും സ്നേഹവുമുള്ള വ്യക്തിത്വത്തിനുടമയാണ്. നിത്യനല്ലായിരുന്നുവെങ്കിൽ അവൻ നമ്മെ പ്പോലെ സാധാരണ മനുഷ്യനാകുമായിരുന്നു.മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റ അമർത്യനായ നിത്യനായവനാകയാലാണ് നാം അവനെ ആരാധിക്കുന്നത്. സ്വന്തം മക്കളെ അറിയുന്ന നിത്യ ദൈവത്തെ നാം സ്നേഹിക്കുന്നു. നമ്മുടെ നന്ദിയും സ്നേഹവും, ആരാധനയും സ്തുതിയുമായി, ദൈവസന്നിധിയിലെത്തുന്നു. ഒരു നടന്ന സംഭവം ഒരിക്കൽ വായിച്ചത് പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു.ഇംഗ്ലീഷ് അറിയാത്ത, കൈവശം സമ്പാദ്യമായി ഒന്നും ഇല്ലാത്ത ഒരു ദൈവദാസൻ ദൈവവചനം അറിയിക്കുവാനുള്ള ആഗ്രഹത്തോടെ സിറിയയിൽ നിന്ന് അമേരിക്കയിലേക്ക് കുടിയേറിപ്പാർത്തു. ഭക്ഷണം കഴിച്ചില്ലെങ്കിലും ഒരിക്കലും ദശാംശം മുടക്കാത്ത അദ്ദേഹത്തെ ദൈവം ഉയർത്തുകയും കരുതുകയും ചെയ്തിരുന്നു. 1931 ലെ കഠിനമായ ശീതകാലത്ത് അവസാന കൽക്കരിക്കഷണം മുറിചൂടാക്കാൻ ഉപയോഗിച്ച അദ്ദേഹം ഭക്ഷണം പാകം ചെയ്യുവാൻ കഴിയാതെ പ്രാർത്ഥിക്കുവാൻ തുടങ്ങി. തനിക്ക് നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയുകമാത്രമല്ല ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കേണമേ എന്ന് യാചിച്ചു. തന്റെ ഇപ്പോഴത്തെ അവസ്ഥ പറയുവാൻ തുടങ്ങിയപ്പോൾ കതകിന് മുട്ടു കേട്ടു തുറന്നപ്പോൾ കണ്ടത് കമ്പിളി വസ്ത്രം ധരിച്ച ഒരാൾ ഒരാഴ്ചത്തേക്കുള്ള ആഹാരവുമായി നില്ക്കുന്നതാണ്.സന്തോഷംകൊണ്ടു കണ്ണുനിറഞ്ഞ അദ്ദേഹം നിത്യനായവനെ സ്തുതിച്ചു.

നിത്യനായവന്റെ ഉടമ്പടികളും വാഗ്ദത്തങ്ങളും ലോകാവസാനംവരെ ഉള്ളതാണ്. മനുഷ്യന് കാര്യം എല്ലാം അറിയാം പക്ഷേ എപ്പോഴും സംശയം, എല്ലാത്തിനും സംശയം . തന്നെ അയച്ചത് ആരെന്ന് യിസ്രായേൽ ജനം ചോദിച്ചാൽ ഞാനെന്തു ചെയ്യും, പറഞ്ഞത് ദൈവ

വാക്കുകളെന്ന് അവർ വിശ്വസിക്കുമോ? ഇതാണ് നമ്മുടെ കുഴപ്പം എനിക്ക് ലഭിക്കുമോ? സൗഖ്യമാകുമോ? നിത്യനായവനെ , **<u>"ഞാൻ ആകുന്നവൻ ഞാനാകുന്നു"</u>** എന്ന് പറഞ്ഞവനെ വിശ്വസിക്കുന്നവനു മാത്രമേ കിടക്ക എടുത്തു നടക്കുവാൻ പറഞ്ഞാൽ നടക്കുവാൻ കഴിയുകയുള്ളൂ. മോശ അനുഭവത്തിൽ കൂടി ഉറച്ചു വിശ്വസിച്ചതിനാലാണ് ചെങ്കടൽക്കര എത്തിയ ഭയവിഹ്വലരായ ജനത്തോട് "യഹോവ ചെയ്യാനിരിക്കുന്ന രക്ഷ കണ്ടു കൊൾവീൻ" എന്ന് പറഞ്ഞത്. അതാണ് നിത്യനായവന്റെ രക്ഷ.

പ്രതികൂലത്തിൽ നിശബ്ദത പാലിപ്പാൻ കഴിയുന്നത് നിത്യനായ ദൈവത്തിന് മാത്രമാണ്. മഹാപുരോഹിതന്മാരും, ന്യായാധിപസംഘവും , കള്ളസാക്ഷികളും കുറ്റം വിധിച്ചപ്പോഴും മിണ്ടാതെ വായ്തുറക്കാതെ ഇരിപ്പാൻ കഴിഞ്ഞത് അവൻ നിത്യദൈവമാകയാലാണ്. (മത്താ:26:63), യെശ(53:7) എന്നാൽ പറയേണ്ടിടത്ത് വ്യക്തമായ മറുപടിയും നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. "നീ ദൈവപുത്രനായ ക്രിസ്തുവോ എന്ന ചോദ്യത്തിന് "ഞാൻ ആകുന്നു"എന്ന് മറുപടി നൽകി.

പ്രീയമുള്ളവരേ ! നിത്യനായവൻ കൂടെയുണ്ടെങ്കിൽ ചെങ്കടലിലും , യോർദ്ദാനിലും വഴിതുറക്കും. പ്രശ്നങ്ങളാകുന്ന യെരിഹോ മതിലുകൾ തകരും. അദ്ദേഹത്തോട് ചേർന്നിരിപ്പാൻ ദൈവം സഹായിക്കട്ടെ.



## <u>പ്രാർത്ഥന</u>

ഞങ്ങളുടെ സങ്കേതവും ബലവുമായ കർത്താവേ, അങ്ങയുടെ സ്നേഹത്തിനും കരുതലിനുമായി സ്തോത്രം. ക്രിസ്തുവിന്റെ ഭാവം ഉൾക്കൊണ്ട നല്ല സാക്ഷികളായി ജീവിപ്പാൻ ഇടയാക്കേണമേ,

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind